കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - പി.എസ്.സി.പരീക്ഷകൾ സുഗമമായും കാര്യക്ഷമമായും നടത്തുന്നതിനാവശ്യമായ പൊതുനിർദ്ദേശങ്ങൾ/വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ(അച്ചടി)നം.2/2020/ ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 13.01.2020

===============================================================

പരാമർശം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 18.09.2019 തീയതിയായുള്ള EF I(1)4046/2019/EW നമ്പർ കത്ത്.

## ഉത്തരവ്

കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലെ തസ്തികകളിലേയ്ക്കും, വിവിധ കമ്പനികൾ/ബോർഡുകൾ/കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ വിവിധ തസ്തികകളിലേയ്ക്കും നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്തുപരീക്ഷകളിൽ കേരള പി.എസ്.സി. നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും, ആയത് പരിഹരിക്കുന്നതിനായി സർക്കാരിന്റെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും മേൽ പരാമർശ പ്രകാരമുള്ള കത്ത് കമ്മീഷൻ സെക്രട്ടറി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2. പി.എസ്.സി. പരീക്ഷകൾ നടത്തുന്നതിനാവശ്യമായ പരീക്ഷ കേന്ദ്രങ്ങൾ വിട്ടു നൽകുന്നതിന് സംസ്ഥാനത്തിലെ ചില സ്കൂൾ, കോളേജ്, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലെ മേധാവികൾ വിസമ്മതം പ്രകടിപ്പിക്കുന്നതായും തന്മൂലം പബ്ലിക് സർവ്വീസ് കമ്മീഷന് സമയബന്ധിതമായി പൂർത്തിയാക്കേണ്ട പരീക്ഷാനടപടികൾ പൂർത്തിയാക്കുവാൻ വളരെയധികം പ്രയാസം നേരിടേണ്ടി

[illegible] പി.എസ്.സി. അറിയിച്ചിട്ടുണ്ട്. കൂടാതെ പരീക്ഷ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പരീക്ഷ തുടങ്ങുന്നതിന് ചുരുങ്ങിയ സമയം മുൻപ് മാത്രമാണ് പരീക്ഷ കേന്ദ്രത്തിൽ എത്തിച്ചേരാറുള്ളതെന്നും ആയതിനാൽ അവർക്ക് മതിയായ നിർദ്ദേശങ്ങൾ നൽകുവാൻ പി.എസ്.സി.യിൽ നിന്നും പോകുന്ന ഉദ്യോഗസ്ഥർക്ക് കഴിയാറില്ലായെന്നും കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.പരീക്ഷകൾ സുഗമമായും കാര്യക്ഷമമായും നടത്തുന്നതിനായി താഴെപ്പറയുന്ന പൊതുനിർദ്ദേശങ്ങൾ/ വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

i) സംസ്ഥാനത്തിലെ വിവിധ സ്കൂൾ, കോളേജ്, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പി.എസ്.സി. പരീക്ഷ കേന്ദ്രങ്ങളായി അനുവദിക്കുന്നതിനായി പ്രസ്തുത സ്ഥാപന മേധാവികളിൽ നിന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ സമ്മതം ആവശ്യപ്പെടുകയും, ടി സമ്മതം രേഖാമൂലം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ പരീക്ഷാ കേന്ദ്രങ്ങൾ നിശ്ചയിക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ പി.എസ്.സി.ആവശ്യപ്പെടുന്ന പക്ഷം സർക്കാർ സ്കൂൾ/ കോളേജുകൾ , എയ്ഡഡ് സ്കൂൾ കോളേജുകൾ എന്നിവ പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങളാക്കുവാൻ സ്ഥാപന മേധാവികൾ സമ്മതം/അനുമതി (willingness ) നൽകേണ്ടതാണ്.

ii) ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ ഉൾപ്പെടെയുള്ള മറ്റു ജീവനക്കാർ പരീക്ഷ തുടങ്ങുന്നതിന് രണ്ട് മണിക്കൂർ മുൻപ് തന്നെ നിയോഗിച്ചിട്ടുള്ള പരീക്ഷ കേന്ദ്രത്തിൽ കൃത്യമായി എത്തിച്ചേരേണ്ടതും അവരവരുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവഹിക്കേണ്ടതുമാണ്.

iii) പി.എസ്.സി. പരീക്ഷ കേന്ദ്രങ്ങളിൽ ഇൻവിജിലേറ്റർമാരായി അധ്യാപകരെ മാത്രമേ നിയോഗിക്കാവൂ എന്നും, പി.എസ്.സി. പരീക്ഷ ഡ്യൂട്ടി നിർവ്വഹണം അധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമാക്കിക്കൊണ്ടും ഇതിനാൽ വ്യവസ്ഥ ചെയ്യുന്നു .

4. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ /സ്ഥാപന മേധാവികൾക്കെതിരെ ബന്ധപ്പെട്ട അധികാരികൾ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ കർശനമായി ...ന്നതിനാവശ്യമായ തുടർ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പും ...വിദ്യാഭ്യാസ വകുപ്പും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

സീനത്തുബീവി എസ്.

അഡീഷണൽ സെക്രട്ടറി

പകർപ്പ്:- സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം

ഡയറക്ടർ , സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം

രജിസ്ട്രാർ, കേരളാ/മഹാത്മാഗാന്ധി /കൊച്ചി/കോഴിക്കോട്/ കണ്ണൂർ യൂണിവേഴ്സിറ്റി.(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ / കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി /ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി, ( ആമുഖ കത്ത് സഹിതം).

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

പൊതുവിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്

വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോഡൽ ഓഫീസർ, P&ARD (P&ARD യുടെ www.pard.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽഫയൽ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ